(എ) 1996-98 കാലയളവിൽ കാപ്പെക്സിലെ ക്രമക്കേടുകളെക്കുറിച്ചുള്ള എന്തെങ്കിലും അന്വേഷണ റിപ്പോർട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ഏജൻസികളാണ് അന്വേഷിക്കുന്നതെന്നും ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് അന്വേഷണം നടത്തുന്നതെന്നും വ്യക്തമാക്കുമോ;

(സി) കുറ്റക്കാർക്കെതിരെ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) 1996 കാലയളവിൽ ബോണസ് കണക്കാക്കിയ പീരീഡ് ഏതെന്നും, ഗുഡ്വിൽ, ഓണം ഇൻസെന്റീവ് എന്നിവയ്ക്ക് നൽകിയ നിർവചനമെന്തെന്നും ഈയിനത്തിൽ വിതരണം ചെയ്ത തുകയെത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ഗുഡ്വിൽ, ഓണം ഇൻസെന്റീവ് എന്നീ നിർവ്വചനത്തിൽപ്പെടുത്താതെ എക്സ്ഗ്രേഷ്യാ എന്നാക്കി ചുരുക്കി ആർക്കെങ്കിലും തുക കുറച്ചിട്ടുണ്ടോ; എങ്കിൽ ഒരേ റേറ്റ് ബാധകമാക്കി ഇവർക്ക് ബാക്കി തുക നൽകുവാൻ നിർദ്ദേശം നൽകുമോ;

(എഫ്) പൂർത്തിയാക്കാതെ അവശേഷിക്കുന്ന അന്വേഷണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) മുൻ മാനേജിംഗ് ഡയറക്ടറുടെ ചെലവുകളെ സംബന്ധിച്ച് ധനകാര്യ(ഇൻപെക്ഷൻ വിംഗ്)വകുപ്പും വിജിലൻസ് വകുപ്പും ആന്ധ്രയിൽ നിന്നും തോട്ടണ്ടി ഇടപാടുകളെ സംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ട്മെന്റ് തലത്തിലും അന്വേഷണം നടത്തുന്നുണ്ട്.

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(ഡി)&(ഇ) കാപ്പെക്സിൽ 1996 വർഷത്തിൽ വിതരണം ചെയ്ത ഗുഡ്വിൽ, ഓണം ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ എന്നിവ സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ച്, ആയതു നൽകിയത് നിയമാനുസൃതമാണോ എന്നും പരിശോധിച്ചു വരുന്നു. നിയമാനുസൃതമല്ലെങ്കിൽ ആയത് അനുവദിച്ചവർക്കെതിരെയും അനർഹമായത് കൈപ്പറ്റിയവരിൽ നിന്നും അത് തിരിച്ച് പിടിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) (ബി) യിലെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള ഉത്തരത്തിൽ അന്വേഷണ റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല.

60 (616) കാഷ്യൂബോർഡ് രൂപീകരണം

ശ്രീ. വി. ബാലറാം :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. ബാബു :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കശുവണ്ടി മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമായി റബ്ബർ ബോർഡിന്റെ മാതൃകയിൽ ഒരു കാഷ്യൂബോർഡ് രൂപീകരിക്കണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യം സാക്ഷാത്കരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

61 (617) കാപ്പക്സിലെ വാഹനദുരുപയോഗം

ശ്രീ. സി. മൊയിൻ കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കാപ്പെക്സിലെ എം.ഡി. 19-6-1996-ൽ വസന്ത് വിഹാർ, പൂജപ്പുര എന്ന മേൽവിലാസത്തിൽ ബാങ്ക് ഉദ്യോഗസ്ഥന്മാരുടെ സൽക്കാരചെലവുകൾക്കായി ഏഴായിരം രൂപയ്ക്കുള്ള വൗച്ചറുകൾ നൽകിതുക കൈപ്പറ്റിയതായി അറിവുണ്ടോ;

(ബി) വസന്ത് വിഹാർ, പൂജപ്പുര എന്ന ഒരു സ്ഥാപനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അന്നത്തെ മാനേജിംഗ് ഡയറക്ടറിൽനിന്ന് ഈ തുക തിരിച്ച് പിടിച്ച്, ഇക്കാര്യത്തിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ അന്വേഷണം നടത്തി മേൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) മുൻ മാനേജിംഗ് ഡയറക്ടർ എൻ.കെ. മോഹനനെതിരായി നടക്കുന്ന അന്വേഷണങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത എം.ഡി. 1996-98 കാലയളവിൽ തിരുവനന്തപുരത്ത് താമസിച്ച് മുൻകൂർ അനുമതിയില്ലാതെ സർക്കാർ വാഹനം ദുരുപയോഗം ചെയ്തതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി),(ഡി)&(ഇ) ഇത്തരം ഒരു സ്ഥാപനത്തെപ്പറ്റി അറിയില്ല. മുൻ എം.ഡി. ശ്രീ. എൻ.കെ. മോഹനനെതിരെയുള്ള വിവിധ ആരോപണങ്ങളെ സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗും വിജിലൻസ് വകുപ്പും സമഗ്രമായി അന്വേഷിക്കുന്നുണ്ട്. റിപ്പോർട്ടുകൾ ലഭിച്ചശേഷം അതിന്റെ അടിസ്ഥാനത്തിൽ മാത്രമെ അനന്തര നടപടികൾ സ്വീകരിക്കാനാവൂ.

62 (618) കാപ്പെക്സിലെ ജീവനക്കാരുടെ ബോണസ്

ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 കാലയളവിൽ കാപ്പെക്സിന്റെ ഹെഡ് ഓഫീസിൽ ജോലി ചെയ്തിരുന്നവരിൽ ആർക്കെങ്കിലും ബോണസ് നൽകാൻ ബാക്കിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly